7. ആൻജിയോപ്ലാസ്റ്റി	10,000
8. അസ്ഥി സംബന്ധമായ ശസ്ത്രക്രിയ	10,000
9. ക്യാൻസർ	10,000
10. ഡയാലിസിസ്	10,000

ഒരു രോഗിക്ക് ടിയാളുടെ ചികിത്സയ്ക്ക്/ശസ്ത്രക്രിയയ്ക്ക് എത്ര തുക വേണ്ടിവരും എന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്താറുണ്ട്. അവ മേൽ കാണിച്ചിരിക്കുന്ന തുകകളിൽ കൂടുതലാണെങ്കിൽ മേൽ പറഞ്ഞ തുക നൽകുന്നതും കുറവാണെങ്കിൽ അത്രയും തുക മാത്രവുമാണ് നൽകാറുള്ളത്.

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിനുള്ള നിവേദനം

14 (4883) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിന് നിവേദനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ആശുപത്രികളിലാണ് അത്യാഹിത വിഭാഗം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ

15 (4884) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കണ്ണൂർ ജില്ലയിൽ എത്ര രൂപയുടെ പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചത് ;

(ബി) ജില്ലയിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ;

(സി) ഇവ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 8.5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly